# Malayala Manorama

# 11 August 2018

# Idukki: Idukki dam, Water level, Warning



## ഇടുക്കി അണക്കെട്ടിലെ വെള്ളം 541 അടി ഏതാണ്ട് 50നില കെട്ടിടത്തെക്കാൾ ഉയരം

**2280 അടി**

ജലനിരപ്പ് 2280 അടിയായി താഴുന്നതുവരെ വൈദ്യുതി ഉൽപാദനത്തിന് അണക്കെട്ടിൽനിന്ന് വെള്ളമെടുക്കാനാകും. അടിത്തട്ടിൽ ശേഷിക്കുന്ന ഉപയോഗിക്കാൻ കഴിയാത്ത ജലം (ഡെഡ് സ്റ്റോറേജ്) എന്ന് അറിയപ്പെടുന്നു

**541 അടി**

ഡീപ്പസ്റ്റ് ഫൗണ്ടേഷൻ ലെവൽ

**1860 അടി**

അണക്കെട്ടിന്റെ അടിത്തട്ട് (ഡീപ്പസ്റ്റ് ഫൗണ്ടേഷൻ ലെവൽ) സമുദ്രനിരപ്പിൽനിന്ന്
**1860 അടി ഉയരത്തിൽ**

**2401 അടി**

ജലനിരപ്പ് 2401 അടി എന്നാൽ, ഡാമിലെ ആകെ ജലത്തിന്റെ അളവ് 541 അടി (2401-1860)

### അളവ്: പഴയതും പുതിയതും

പഴയ അണക്കെട്ടുകളിൽ ജലാശയത്തിന്റെ അടിത്തട്ടിൽ (റിവർ ബെഡ് ലെവൽ) നിന്നാണ് ജലനിരപ്പ് അളന്നിരുന്നത് (ഉദാ: മുല്ലപ്പെരിയാർ ജലനിരപ്പ് 135 അടി). എന്നാൽ, പുതിയ അണക്കെട്ടുകളിൽ ജലനിരപ്പ് അളക്കുന്നത് സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം അടിസ്ഥാനമാക്കിയാണ്. (ഉദാ: ഇടുക്കി അണക്കെട്ട്, ജലനിരപ്പ്: 2401 അടി). അണക്കെട്ടിൽ എത്രമാത്രം ജലം ശേഖരിച്ചിട്ടുണ്ടെന്ന് അറിയാൻ ജലാശയത്തിന്റെ അടിത്തട്ടിൽ നിന്നുള്ള അളവു മതിയാകും. അതേസമയം, ഒരു പദ്ധതിയിലെ വിവിധ അണക്കെട്ടുകൾ തമ്മിലോ വിവിധ പ്രദേശങ്ങളിലെ അണക്കെട്ടുകൾ തമ്മിലോ താരതമ്യങ്ങൾക്ക് ഒരു ഏകീകൃത അളവ് ആവശ്യമാണ്. അതിനാലാണ് സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം പൊതുമാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്

### അഞ്ചിൽ അഞ്ചും രണ്ടാം തവണ

ചെറുതോണി അണക്കെട്ടിന്റെ ചരിത്രത്തിൽ അഞ്ചു ഷട്ടറുകളും ഉയർത്തുന്നത് ഇതു രണ്ടാം തവണ. ഇതിനു മുൻപ് 1992ൽ അഞ്ചു ഷട്ടറുകളും ഉയർത്തിയിരുന്നു. 1992ൽ രണ്ടു തവണയാണു ഷട്ടർ ഉയർത്തേണ്ടിവന്നത്. ഒക്ടോബർ 12 മുതൽ 16 വരെ മൂന്നു ഷട്ടറുകൾ ഉയർത്തി. നവംബർ 17ന് അഞ്ചു ഷട്ടറുകളും തുറന്നു. ഇതിൽ നാലും 18ന് അടച്ചു.

സമുദ്രനിരപ്പ്

### ആശങ്കയുടെ മണിക്കൂറുകൾ

- **വ്യാഴാഴ്ച 12.30:** ചെറുതോണി അണക്കെട്ടിലെ മധ്യഭാഗത്തെ, മൂന്നാമത്തെ ഷട്ടർ 50 സെന്റിമീറ്റർ ഉയർത്തി.
- **ഇന്നലെ രാവിലെ 7.00:** രണ്ടും നാലും ഷട്ടറുകൾ 40 സെന്റിമീറ്റർ വീതം ഉയർത്തി. മൂന്നാമത്തെ ഷട്ടർ 10 സെന്റിമീറ്റർ താഴ്ത്തി.
- **11.30:** മൂന്നു ഷട്ടറുകളിലൂടെയും ഒഴുക്കിയിരുന്നത് സെക്കൻഡിൽ മൂന്നു ലക്ഷം ലീറ്റർ വെള്ളം വീതം.
- **1.00, 1.15:** രണ്ടു ഷട്ടറുകൾകൂടി ഉയർത്തി. ഒപ്പം, മൂന്നു ഷട്ടറുകൾ ഒരു മീറ്ററും രണ്ടു ഷട്ടറുകൾ 50 സെന്റിമീറ്റർ വീതവുമായി ഉയരം ക്രമീകരിച്ചു.
- **1.30:** വെള്ളത്തിന്റെ ഒഴുക്ക് സെക്കൻഡിൽ ആറു ലക്ഷം ലീറ്ററായി.
- **വൈകിട്ട്:** വെള്ളമൊഴുക്ക് സെക്കൻഡിൽ ഏഴര ലക്ഷം ലീറ്ററാക്കി. പുറത്തേക്കൊഴുക്കുന്ന വെള്ളത്തിന്റെ അളവു കൂട്ടണമെന്ന കെഎസ്ഇബി നിർദേശം ആദ്യം ജില്ലാ ഭരണകൂടം അംഗീകരിച്ചില്ല. പിന്നീട് ജലനിരപ്പു പരിഗണിച്ച് അളവു കൂട്ടാൻ അനുമതി നൽകി.

“ ഇടമലയാർ അണക്കെട്ടിന്റെ ഷട്ടർ താഴ്ത്തിയ ശേഷം, ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകളിലൂടെ കൂടുതൽ വെള്ളം ഒഴുക്കും.

മന്ത്രി എം.എം. മണി